പ്രക്രിയയിലൂടെ കമ്പ്യൂട്ടറൈസ് ചെയ്യുക, ടി റെക്കോർഡുകളെ ഭൂമിയിലെ യഥാർത്ഥ കോർഡിനേറ്റുമായി (അക്ഷാംശരേഖാംശ രേഖകൾ) ബന്ധിപ്പിക്കുന്ന ജിയോറെഫറൻസിംഗ് കമ്പ്യൂട്ടറിൽ നടത്തുക. ഇത്തരത്തിൽ ജിയോ റെഫറൻസ്ഡ് ആയ മാപ്പുകളിൽ ഭൂമി സംബന്ധമായ വിവിധ വിവരങ്ങൾ ജോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (GIS) എന്ന സംവിധാനം ഉപയോഗിച്ച് ഒരു ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (LIS) വികസിപ്പിച്ചെടുക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ വിക്ഷ്യങ്ങൾ.

(സി) സർവ്വെ രേഖകളുമായി ബന്ധപ്പെട്ട' വിഷയത്തിൽ, കഡാസ്ട്രൽ റെക്കോർഡുകളുടെ ഒരു ഏകീകൃത വിവരശേഖരം തയ്യാറാക്കി ഓൺലൈൻ പെയ്മെന്റ് സംവിധാനത്തിലൂടെ ഇന്റർനെറ്റിന്റെ സഹായത്താൽ എവിടെ നിന്നും എപ്പോൾ വേണമെങ്കിലും അവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം നൽകുക, കൂടാതെ റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റ ഭൂമിയിലെ യഥാർത്ഥ വിവരങ്ങൾ ഉൾക്കൊള്ളുന്ന കഡാസ്ട്രൽ മാപ്പുകളുമായി ബന്ധിപ്പിച്ച് ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം ഏർപ്പെടുത്തി ഭൂമി ഇടപാടുകളിൽ സുതാര്യതയും വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഭൂമി സംബന്ധമായ പരാതികൾ കുറയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) സർവ്വെ രേഖകളുമായി ബന്ധപ്പെട്ട വിഷയത്തിൽ റീസർവ്വെക്ക് മുമ്പുള്ളതും കാലപ്പഴക്കം മൂലം ശിഥിലാവസ്ഥയിലുള്ളതുമായ ഒറിജിനൽ സർവ്വെ റെക്കോർഡുകളുടെ (റീസർവ്വെക്ക് മുമ്പുള്ളത്) ഭൗതികമായ സംരക്ഷണവും, ഡിജിറ്റൈസേഷനും ഓൺലൈനായി ജനത്തിന് ലഭ്യമാക്കലും വിക്ഷ്യം വച്ച് ഇ-രേഖ എന്ന ബൃഹത്തായ പദ്ധതി നടപ്പാക്കിവരുന്നു. ടി റെക്കോർഡുകൾ സൂക്ഷിക്കുവാനും എളുപ്പത്തിലുള്ള അവയുടെ retrieval സാദ്ധ്യമാക്കുവാനും ഒറിജിനൽ സർവ്വെ റെക്കോർഡുകൾക്ക് വേണ്ടി മാത്രമായി ഒരു മേഡേൺ റെക്കോർഡ് റും സജ്ജീകരിച്ചുവരുന്നു.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വികസന പദ്ധതി

1 (6966) ശ്രീ. വി. തിരുവഞ്ചൂർ :
ശ്രീ. വി. ശശി :
ശ്രീ. കെ. അജിത് :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ സ്കൂൾ വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്കായി ഓരോ വിദ്യാഭ്യാസ ജില്ലയിലും ഒരു അദ്ധ്യയനവർഷം എത്ര തുകയാണ് ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഇതിനായി ഒരു അദ്ധ്യയന വർഷം എത്ര തുക വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം, സ്കൂളുകളുടെ സമഗ്രവികസനം, എന്നിവയാണ് പ്രസ്തുത പദ്ധതിയുടെ ദർശ്യങ്ങൾ.

(ബി) സ്കൂൾ വികസന പദ്ധതിക്കായി പ്രത്യേകമായി തുക അനുവദിക്കുന്നില്ല. എന്നാൽ എസ്.എസ്.എ., ആർ.എം.എസ്.എ., എൽ.എസ്.ജി.ഡി, എം.എൽ.എ/എം.പി. ഫണ്ട് എന്നീ നിരകളിൽ വിദ്യാലയ വികസനത്തിനായി തുക ചെലവഴിക്കുന്നുണ്ട്.

(സി) എസ്.എസ്.എ-യുടെ കീഴിൽ സ്കൂൾ വികസന പദ്ധതി എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സർക്കാർ വിദ്യാലയത്തിനെന്നപോലെ എയ്ഡഡ് വിദ്യാലയത്തിനും പ്രത്യേക തുക അനുവദിക്കുന്നില്ല.

വിദ്യാഭ്യാസ അവകാശ നിയമം

2 (6887) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതനുസരിച്ച് വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നടപ്പ് അദ്ധ്യയന വർഷം മുതൽ ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly